**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3430** **11-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ഹൗസിങ് ബോർഡ് ഏറ്റെടുത്ത പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-ന് ശേഷം കാസർഗോഡ് ജില്ലയിൽ ഹൗസിങ് ബോർഡ് ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു എന്നും അറിയിക്കുമോ; | (എ) | 2016-ന് ശേഷം കാസർഗോഡ് ജില്ലയിൽ സർക്കാർ ജീവനക്കാർക്കായുള്ള 4 വാടകവീട് പദ്ധതികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തിരുന്നു. ബോർഡ് നടപ്പിലാക്കുന്ന 'സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി' യുടെ നാലാം ഘട്ടത്തിന് 2017-18 സാമ്പത്തിക വർഷത്തിലും, അഞ്ചാം ഘട്ടത്തിന് 2019-20 സാമ്പത്തിക വർഷത്തിലും ബജറ്റിൽ തുക വകയിരുത്തി ഭരണാനുമതി നല്കിയിരുന്നു. നാലാം ഘട്ടത്തിൽ കാസർഗോഡ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലും, അഞ്ചാം ഘട്ടത്തിൽ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലുമായി 12 വീതം ഫ്ലാറ്റുകളാണ് നിർമ്മിക്കുവാൻ ഭരണാനുമതി നല്കിയിരുന്നത്.<br><br>ഇവയിൽ കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാകാത്തതിനാൽ കാസർഗോഡ്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്നും അറിയിക്കുമോ? | (ബി) | 1. സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി- നാലാം ഘട്ടം<br><br>i)കാഞ്ഞങ്ങാട്- ഹോസ്ദുർഗ്ഗ് താലൂക്ക് ആസ്ഥാനത്ത് ഉൾപ്പെട്ട കാഞ്ഞങ്ങാടുള്ള സർക്കാർ ഭൂമിയിൽ ഒരു ബ്ലോക്കിൽ മൂന്നു നിലകളിലായി രണ്ട് കിടപ്പുമുറികളുള്ള (EF30 model) 6 ഫ്ലാറ്റുകളും, മറ്റൊരു ബ്ലോക്കിൽ മൂന്നു നിലകളിലായി ഒരു കിടപ്പുമുറിയുള്ള (DF30 Model) 6 ഫ്ലാറ്റുകളുടേയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ കോവിഡ് ലോക്ക്ഡൗൺ കാരണം പ്രവർത്തി തടസ്സപ്പെട്ടിരുന്നു. പെന്റിംഗ് ബില്ലുകൾ ക്ലിയർ ചെയ്ത് നിലവിൽ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ii)കാസർഗോഡ് -കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ബോർഡിന് സാധിച്ചില്ല.<br><br>2.സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി- അഞ്ചാം ഘട്ടം<br><br>i) വെള്ളരിക്കുണ്ട് - വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാനത്ത് ഉൾപ്പെട്ട പരപ്പയിലുള്ള സർക്കാർ ഭൂമിയിൽ ഒരു ബ്ലോക്കിൽ (EF30 Model) മൂന്ന് നിലകളിലായി രണ്ട് കിടപ്പുമുറികളുള്ള 6 ഫ്ലാറ്റുകളുടെയും, മറ്റൊരു ബ്ലോക്കിൽ (DF30 Model) മൂന്നു നിലകളിലായി ഒരു കിടപ്പുമുറിയുള്ള 6 ഫ്ലാറ്റുകളുടെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ഫണ്ട് പരിമിതി മൂലം 21% പുരോഗതി കൈവരിച്ച ശേഷം പ്രവർത്തനം നിർത്തി വച്ചിരുന്നു. നിലവിലെ കരാർ റദ്ദാക്കുന്നതിനും ശേഷിച്ച പ്രവർത്തി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ii) മഞ്ചേശ്വരം - മഞ്ചേശ്വരം താലൂക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ബോർഡിന് സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ